# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *246

08.05.2017-ന് മറുപടിയ്ക്ക്

## സമഗ്രവിദ്യാഭ്യാസ നവീകരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു. ആർ. പ്രദീപ്<br>„ എ. പ്രദീപ്കുമാർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സമഗ്രവിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' എന്ന് പുനർ നാമകരണം ചെയ്തിട്ടുള്ള സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി ആയിരം (1000) സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനു വേണ്ടി നടത്തുന്ന പ്രവൃത്തികളുടെ ഭാഗമായി ഹൈസ്കൂൾ-ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

(ബി) പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി പ്രൈമറി സ്കൂളുകളുടെ വികസനം ഉറപ്പാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(ബി) എൽ.പി/യു.പി. ക്ലാസുകളിൽ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃസംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി പൂർണ്ണമായും ശിശുകേന്ദ്രീകൃതമായുള്ള അദ്ധ്യാപന രീതീക്ക് ഊന്നൽ നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗി'ന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപന പരിശീലന പദ്ധതികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതികാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തുകയും ഇപ്രകാരം അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പദ്ധതികളും പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) അധ്യാപകർക്ക് കാലോചിതമായി ശാസ്ത്രീയവും സാങ്കേതികവുമായ വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനായി സമയബന്ധിതമായി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) അധ്യാപകർക്ക് കാലോചിതമായി ശാസ്ത്രീയവും സാങ്കേതികവുമായ വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനുതകുന്ന വിവിധ പരിശീലന പരിപാടികൾ സ്കൂൾ പ്രവർത്തി സമയം നഷ്ടപ്പെടുത്താതെ മദ്ധ്യവേനലവധിക്കാലത്ത് തന്നെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഇതിനോടകം തന്നെ സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക പരിശീലന പരിപാടികൾ നടന്നുവരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ